(സി) കിൻഫ്രായുടെ മലപ്പുറം ഫുഡ് പ്രോസസിംഗ് പാർക്കിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് രജിസ്റ്റർ ചെയ്ത 13 അപേക്ഷകളിൽ ഒരെണ്ണം കിൻഫ്ര ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി നിരസിച്ചിട്ടുണ്ട്.

(ഡി) മലപ്പുറത്തെ ഫുഡ് പ്രോസസിംഗ് പാർക്കിൽ ഭക്ഷ്യസംസ്കരണവും അനുബന്ധ യൂണിറ്റുകളും മാത്രമാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഭക്ഷ്യ സംസ്കരണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ സൂക്ഷിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത വ്യവസായി സ്ഥലം ആവശ്യപ്പെട്ടത്. അതിനാലാണ് അപേക്ഷ നിരസിച്ചത്.

34 (2182) കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ പൊതുമേഖല,സഹകരണമേഖല, സ്വകാര്യമേഖല എന്നിവയിൽ ഓരോന്നിലും എത്ര വീതം സ്പിന്നിംഗ് മില്ലുകൾ ഉണ്ടെന്നും അവയുടെ പേരുവിവരങ്ങളും വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ ഓരോ സ്പിന്നിംഗ് മില്ലിന്റെയും സ്പിന്റിൽ കപ്പാസിറ്റി എത്ര വീതമാണെന്നും ഓരോന്നിലും സ്പിന്റിൽ ഒന്നിന് ശരാശരി പ്രതിദിന ഉല്പാദനം എത്ര കിലോ വീതമാണെന്നും അറിയിക്കുമോ;

(സി) കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ ഏറ്റവും ആധുനികമായ മെഷിനറികൾ ഉപയോഗിക്കുന്നത് എവിടെയെല്ലാമാണ്;

(ഡി) കേരളത്തിലെ പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള സ്പിന്നിംഗ് മില്ലുകളുടെ 1999-2000-ത്തിലെ നാളിതുവരെയുള്ള ലാഭ നഷ്ട കണക്കുകൾ ശേഖരിച്ചു നൽകുമോ:

(ഇ) ഈ സർക്കാരിന്റെ കാലത്ത് പൊതുമേഖല സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് സർക്കാർ നൽകിയിട്ടുള്ള ധനസഹായങ്ങൾ, ഷെയർ, ഗ്രാന്റ്, ലോൺ എന്നിങ്ങനെ തരം തിരിച്ച് വിശദീകരിക്കുമോ;

(എഫ്) കേരളത്തിലെ പൊതുമേഖലസഹകരണ സ്പിന്നിംഗ് മില്ലുകളുടെ സഞ്ചിത ലാഭനഷ്ടക്കണക്കുകൾ നൽകുമോ:

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച സ്പിന്നിംഗ് മില്ലുകൾ ഏതെല്ലാം;

(എച്ച്) കേരളത്തിൽ ഇപ്പോൾ പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകൾ ഏതെല്ലാമാണ്. അവയിൽ ഈ സർക്കാർ വന്നശേഷം പൂട്ടിയവ ഏതെല്ലാം; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിയ ഏതെല്ലാം സ്പിന്നിംഗ് മില്ലുകളാണ് ഈ സർക്കാരിന്റെ കാലത്ത് തുറന്നിട്ടുള്ളത്;

(ഐ) കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ ഓരോന്നിലും പെയ്ഡ് ആയും അൺ-പെയ്ഡ് ആയും തൊഴിലെടുക്കുന്നവരുടെ എണ്ണം എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ജെ) പൊതുമേഖലാ-സഹകരണ സ്പിന്നിംഗ് മില്ലുകളെ ലാഭകരമാക്കാൻ കേരള സർക്കാരിന്റെ അടിയന്തിര പദ്ധതികൾ എന്തൊക്കെയാണ്;

(കെ) ന്യായവിലയ്ക്ക് ഗുണനിലവാരമുള്ള പഞ്ഞി വാങ്ങാനും ഉല്പാദിപ്പിക്കുന്ന നൂലിന്റെ ഗുണനിലവാരമനുസരിച്ച് മാർക്കറ്റിൽ ന്യായവില

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കാനും സഹകരണ സ്പിന്നിംഗ് മില്ലുകളെ സഹായിക്കാനും സർക്കാർ എന്തു സംവിധാനമാണ് വ്യവസായ വകുപ്പിൽ ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(എൽ) മേൽപ്പറഞ്ഞ പ്രകാരം ഒരു സംവിധാനം ഉണ്ടാക്കണമെന്ന് കാണിച്ച് ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ ഭരണ സമിതിക്കു വേണ്ടി ചെയർമാൻ ബഹുമാനപ്പെട്ട മന്ത്രിക്കു നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ മുപ്പത്തിമൂന്ന് സ്പിന്നിംഗ് മില്ലുകളുണ്ട്.

പൊതുമേഖലയിലെ സ്പിന്നിംഗ് മില്ലുകൾ

1. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.
2. വിജയമോഹിനി മിൽസ്, തിരുവനന്തപുരം.
3. പ്രഭുറാം മിൽസ്, ചെങ്ങന്നൂർ.
4. കോട്ടയം ടെക്സ്റ്റൈൽസ്, കോട്ടയം.
5. സീതാറാം ടെക്സ്റ്റൈൽസ്, തൃശ്ശൂർ.
6. എടരിക്കോട് ടെക്സ്റ്റൈൽസ്, മലപ്പുറം.
7. പാർവതി മിൽസ്, കൊല്ലം.
8. അളഗപ്പ ടെക്സ്റ്റൈൽസ്, തൃശ്ശൂർ.
9. കേരള ലക്ഷ്മി മിൽസ്, തൃശ്ശൂർ.
10. കണ്ണൂർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് കണ്ണൂർ.
11. കണ്ണൂർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, മാഹി.

സഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകൾ

1. കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ്, കൊല്ലം.
2. ആലപ്പി സഹകരണ സ്പിന്നിംഗ് മിൽസ്, ആലപ്പുഴ.
3. തൃശ്ശൂർ സ്പിന്നിംഗ് മിൽസ്, തൃശ്ശൂർ.
4. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽസ്, മലപ്പുറം.
5. കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽസ്, കണ്ണൂർ.
6. മലബാർ സഹകരണ സ്പിന്നിംഗ് മിൽസ്, കുറ്റിപ്പുറം.

സ്വകാര്യ മേഖലയിലുള്ള സ്പിന്നിംഗ് മില്ലുകൾ

1. തൃശ്ശൂർ കോട്ടൺ മിൽസ്, തൃശ്ശൂർ.
2. കാനായി കോട്ടൺ മിൽസ്, ആലുവ.
3. കാലിക്കറ്റ് മോഡൽ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കോഴിക്കോട്.
4. തിരുവേപ്പതി ടെക്സ്റ്റൈൽസ്, കണ്ണൂർ.
5. കേരള സ്പിന്നേഴ്സ്, ആലപ്പുഴ.

LIBRARY ARCHIVES Kerala Legislative Assembly

6. താണിക്കുടം ഭഗവതി മിൽസ്, തൃശ്ശൂർ.
7. ഭഗവതി ടെക്സ്റ്റൈൽസ്, പാലക്കാട്.
8. വനജ ടെക്സ്റ്റൈൽസ്, തൃശ്ശൂർ.
9. ജി.റ്റി.എൻ. ടെക്സ്റ്റൈൽസ്, ആലുവ.
10. രാജഗോപാൽ ടെക്സ്റ്റൈൽസ്, തൃശ്ശൂർ.
11. മദ്രാസ് സ്പിന്നേഴ്സ്, പാലക്കാട്.
12. പ്രിക്കോട് മിൽസ്, പാലക്കാട്.
13. പാറ്റ് സ്പിൻ മിൽസ്, പാലക്കാട്.
14. അശോക ടെക്സ്റ്റൈൽസ്, ആലുവ.
15. ചക്കോള ടെക്സ്റ്റൈൽസ്, കളമശ്ശേരി.
16. വെസ്റ്റേൺ ഇന്ത്യ കോട്ടൺ മിൽസ്, കണ്ണൂർ.

(ബി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള നാലു സ്പിന്നിംഗ് മില്ലുകളുടെ സ്പിന്റിൽ കപ്പാസിറ്റിയും പ്രതിദിന ഉല്പാദനതിന്റെയും വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

മില്ലിന്റെ പേര്	സ്പിന്റിൽ കപ്പാസിറ്റി	ഉൽപ്പാദനം (ഒരു സ്പിന്റിലിന് ഒരു ദിവസത്തിൽ 40-ാം നംപർ നൂൽ)
1. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കോഴിക്കോട്	18280	0.2264 കിലോ
2. പ്രഭുറാം മിൽസ്, ചെങ്ങന്നൂർ	17968	0.21114 കിലോ
3. കോട്ടയം ടെക്സ്റ്റൈൽസ്, കോട്ടയം	25028	0.21624 കിലോ
4. എടരിക്കോട് ടെക്സ്റ്റൈൽസ്, മലപ്പുറം	24960	0.20865 കിലോ

ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ സ്പിന്റിൽ കപ്പാസിറ്റി 6000 ആണ്. ഇപ്പോഴത്തെ ഒരു സ്പിന്റിലിന്റെ ഉല്പാദനം പ്രതിദിനം 100 ഗ്രാം ആണ്. ബാക്കി മില്ലുകളുടെ വിവരങ്ങൾ ശേഖരിച്ചു തരുന്നതാണ്.

(സി) കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിൽ ഭാഗീകമായി മാത്രമേ ആധുനിക മെഷിനിറികൾ ഉപയോഗിക്കപ്പെടുന്നുള്ളൂ. കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ 300 ലക്ഷം രൂപയുടെ ആധുനിക മെഷിനറികൾ സ്ഥാപിച്ചിട്ടുണ്ട്. ആധുനികമായ മെഷിനറികളാണ് ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ ഉപയോഗിക്കുന്നത്. ബാക്കി മില്ലുകളുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ഡി) കെ.എസ്സ്.റ്റി.സി.യുടെ കീഴിലുള്ള മില്ലുകളുടെ വിവരം താഴെ കൊടുക്കുന്നു.

മില്ലുകളുടെ പേര്	അറ്റാദായം (നഷ്ടം)
1. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കോഴിക്കോട്.	(80.73)
2. പ്രഭുറാം മിൽസ്, ചെങ്ങന്നൂർ.	(27.32)
3. കോട്ടയം ടെക്സ്റ്റൈൽസ്, കോട്ടയം	(10.68)

LIBRARY ARCHIVES Kerala Legislative Assembly

4. എടരിക്കോട് ടെക്സ്റ്റൈൽസ്, മലപ്പുറം. (108.42)

ആകെ (227.15)

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ 1999-2000 വർഷത്തിൽ 31/1/2000 വരെയുള്ള നഷ്ടം 111.18 ലക്ഷം രൂപയാണ്. 1999 നവംബർ 1 മുതൽ 2000 ഫെബ്രുവരി വരെ ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ പ്രോഫിറ്റ് 29.35 ലക്ഷം രൂപയാണ്. പ്രസ്തുത കാലയളവിലുള്ള ദീർഘകാല വായ്പയുടെ പലിശ 22.41 ലക്ഷം രൂപ വകയിരുത്തുമ്പോൾ മില്ലിന് നഷ്ടമാണ്. ബാക്കി മില്ലുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) സർക്കാരിൽനിന്നും സഹകരണ പൊതുമേഖലാ സ്പിന്നിംഗ് മില്ലുകൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

<u>ലോൺ ഇനത്തിൽ</u>

1. കുന്നത്തറ ടെക്സ്റ്റൈൽസ് - 8 ലക്ഷം രൂപ
2. സീതാറാം ടെക്സ്റ്റൈൽസ് - 50 ലക്ഷം രൂപ
3. കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് - 190 ലക്ഷം രൂപ
4. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽസ് - 190 ലക്ഷം രൂപ
5. തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് - 304.70 ലക്ഷം രൂപ

<u>ഷെയർ ഇനത്തിൽ</u>

6. ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് - 355.93 ലക്ഷം രൂപ
7. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽസ് - 200.00 ലക്ഷം രൂപ
8. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽസ് - 92.9 ലക്ഷം രൂപ
9. കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽസ് - 80.00 ലക്ഷം രൂപ
10. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് - 150.00 ലക്ഷം രൂപ

തൃശ്ശൂർ സ്പിന്നിംഗ് മിൽ 93 ലക്ഷം രൂപ മാർജിൻ മണി ലോൺ ആയും നൽകിയിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഒരു സ്പിന്നിംഗ് മില്ലും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ ഈ സാമ്പത്തിക വർഷം ആണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്

(എച്ച്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഐ) കെ.എസ്.ടി.സി.യിൽ 1375 പേർ പെയ്ഡ് ആയും ഒരാൾ അൺപെയ്ഡ് ആയും ഉണ്ട്. കണ്ണൂർ സ്പിന്നിംഗ് മില്ലിൽ അൺപെയ്ഡ് ആയി ജോലിക്കാരില്ല. പെയ്ഡായി 845 പേരുണ്ട്.

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ 433 സ്ഥിരം ജീവനക്കാരും 225 പെയ്ഡ് ട്രെയിനികളും ഉണ്ട്. അൺപെയ്ഡ് ഇല്ല. ബാക്കി മില്ലുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ജെ) യന്ത്ര സാമഗ്രികളുടെ സമഗ്രമായ നവീകരണവും തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർദ്ധനവും നടപ്പിലാക്കുക വഴി ഉല്പാദന ചെലവും, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും ഈ വ്യവസായത്തിലെ മുൻനിരക്കാരോടൊപ്പമാക്കിയാൽ മാത്രമെ ഇന്നത്തെ മാറിയ വാണിജ്യ സാഹചര്യങ്ങളിൽ ലാഭകരമായി പ്രവർത്തിക്കുന്നതിന് സ്പിന്നിംഗ് മില്ലുകൾക്ക് കഴിയുകയുള്ളൂ. സംസ്ഥാന ഗവൺമെന്റ് സ്ഥാപിച്ചിട്ടുള്ള കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നുമുള്ള ധനസഹായത്താൽ നവീകരണ പദ്ധതികൾ നടപ്പിലാക്കുക വഴി മില്ലുകളുടെ ലാഭകരമായ പ്രവർത്തനം ഉറപ്പു വരുത്താനാകുന്നതാണ്.

(കെ) ഇതിനായി പ്രത്യേക സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(എൽ) പരിശോധിച്ചു വരുന്നു.

35 (2183) കരകൗശല വികസന കോർപ്പറേഷന്റെ വില്പന ശാലകൾ കാര്യക്ഷമാക്കാൻ നടപടികൾ

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. എ.കെ. മണി :

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശലവികസന കോർപ്പറേഷന്റെ വില്പനശാലകൾ കാര്യക്ഷമമാക്കാനും ലാഭകരമാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇനി എന്തെല്ലാം നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) കരകൗശല വികസന കോർപ്പറേഷൻ വിൽക്കുന്ന കരകൗശല വസ്തുക്കളെ വില്പന നികുതിയിൽ നിന്നൊഴിവാക്കുന്ന ഉത്തരവ് പിൻവലിച്ചതുമൂലം അതിന്റെ വില്പനയിൽ കുറവ് വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ നികുതിയിളവ് പുനഃസ്ഥാപിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കരകൗശല വികസന കോർപ്പറേഷന്റെ വില്പനശാലകൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിച്ചു വന്ന വില്പന ശാലകൾ കൂടുതൽ വില്പന ലഭ്യമാകത്തക്ക വിധം പ്രധാന വില്പന കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചു; കൂടാതെ വില്പന ത്വരിതപ്പെടുത്തുന്നതിന് പ്രദർശന-വിപണന മേളകളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) യു.എൻ.ഡി.പി. പദ്ധതി പ്രകാരമുള്ള തടി സംസ്ക്കരണശാലയുടേയും തടി വളയ്ക്കൽ പ്ലാന്റിന്റേയും പ്രവർത്തനത്തിന് രൂപം നൽകിയിട്ടുണ്ട്. ഇത് ആരംഭിച്ചു കഴിഞ്ഞാൽ ഗുണമേന്മയുള്ള കരകൗശല വസ്തുകൾ നിർമ്മിച്ച് വില്പന നടത്തുവാൻ കഴിയും. ആധുനിക വിവര സാങ്കേതിക വിദ്യ ലഭ്യമാക്കിക്കൊണ്ട് അന്താരാഷ്ട്ര തലത്തിൽ കരകൗശല വസ്തുക്കൾക്ക് വേണ്ടത്ര വിപണി നേടിയെടുക്കുന്നതിനുമുള്ള ശ്രമങ്ങളും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly